Web site: www.kwa.kerala.gov.in 'ജലം ജീവാമൃതം' Fax: 91-0471-2324903
Tel : 0471-2328654

# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

Draft #1 of File 36678/E4/2022/KWA Approved by Managing Director on 16-Feb-2023 10:41 AM - Page 1

**<u>മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം</u>**

*വിഷയം:*-കേ.വാ.അ - ജീവനക്കാര്യം - ശ്രീ.ശ്രീരാജ്.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ - നിരീക്ഷണകാലം ദീർഘിപ്പിച്ച് - ഉത്തരവാകുന്നു.

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: 36678/E4/2022/കെ ഡബ്ല്യൂ എ തീയതി, തിരുവനന്തപുരം, 16.02.2023

---

*സൂചന:*-1. ഗവ .ഉ. (പൊതു) നമ്പർ.309/84 ജിഎഡി തീയതി,31.08.1984.

2. നമ്പർ. WS-B1/225/17/WRD ആയുള്ള ഗവണ്മെന്റ് സെക്രട്ടറി, ജലവിഭവ (ജല വിതരണ-ബി) വകുപ്പ്, തിരുവനന്തപുരത്തിന്റെ 16-05-2017തീയതിയിലുള്ള കത്ത്.

3. ഉത്തരവ് നമ്പർ . 4724/E4(A)/2014/KWA തീയതി, 24.05.2014

4. നമ്പർ.537/ഇജിഎൽ/2022/സി ഇ-എസ് ആർ-റ്റി വി പി എം ആയുള്ള 26.11.2022 ലെ ചീഫ് എഞ്ചിനീയർ, ദക്ഷിണ മേഖലയുടെ കത്ത്.

**<u>ഉത്തരവ്</u>**

കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കേരള പി.എസ്.സി മുഖാന്തിരം താത്ക്കാലികമായി നിയമിതനായ ശ്രീ. ശ്രീരാജ്. എസ്, 05.09.2011-ന പൂർവാഹനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും പ്രസ്തുത താൽക്കാലികനിയമനം സൂചന-3 അനുസരിച്ച് 05.09.2011-ന പൂർവാഹനം മുതൽ പ്രാബല്യത്തിൽ ക്രമവൽക്കരിച്ചിട്ടുള്ളതുമാണ്. ഇങ്ങനെ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സേവനത്തിൽ തുടർച്ചയായ മൂന്നുവർഷങ്ങളിൽ രണ്ടു വർഷക്കാലത്തെ സേവനം നിരീക്ഷണ കാലമായിരിക്കേണ്ടതും ഈ കാലയളവിനുള്ളിൽ നിഷ്കർഷിത വകുപ്പുതല പരീക്ഷകൾ വിജയിക്കേണ്ടതുമാണ്.

എന്നാൽ ശ്രീ.ശ്രീരാജ്.എസ്-ന് മേൽപ്പറഞ്ഞ കാലയളവിൽ നിഷ്കർഷിത വകുപ്പുതല പരീക്ഷകൾ വിജയിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് 05.10.2019 തീയതിയിൽ മുഴുവൻ വകുപ്പുതലപരീക്ഷകളും വിജയിച്ചതിനെത്തുടർന്ന് തന്റെ നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകുന്നതിന് ശ്രീ.ശ്രീരാജ്.എസ് സമർപ്പിച്ച അപേക്ഷ ദക്ഷിണ മേഖല ചീഫ് എഞ്ചിനീയർ, സൂചന-4 അനുസരിച്ച് അയച്ചുതന്നിരിക്കുന്നു.

നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച്, തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം നിരീക്ഷണ കാലമായി നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിലെ നിരീക്ഷണകാലം ആദ്യത്തെ ഒരുവർഷം നിയമനാധികാരിക്ക് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നുള്ളകാലം സർക്കാരിൽ നിന്നും ഉത്തരവാക്കേണ്ടതുമാണ്. നിരീക്ഷണകാലത്തിനെ ബാധിക്കുന്നതരത്തിൽ 13 ദിവസങ്ങൾ ആർജിത അവധിയിൽ ടിയാൻ പ്രവേശിച്ചിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ, ശ്രീ.ശ്രീരാജ്.എസ്-ന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ള നിരീക്ഷണകാലം 05.09.2013 **രാവിലെ മുതൽ** 17.09.2014 **അപരാഹ്നം** വരെ (ഒരു വർഷക്കാലം) ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഈ വിവരങ്ങൾ വീഴ്ച കൂടാതെ ശ്രീ.ശ്രീരാജ്.എസ്-ന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

*(ഒപ്പ്)*
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.ശ്രീരാജ്.എസ്,
അസിസ്റ്റന്റ് എഞ്ചിനീയർ, (നിയന്ത്രണാധികാരി മുഖേനെ)

ഉത്തരവിന്റെ പകർപ്പ്

ചീഫ് എഞ്ചിനീയർ,ദക്ഷിണ മേഖല, തിരുവനന്തപുരം.
സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, പി എച്ച് സർക്കിൾ , കൊല്ലം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി എച്ച് ഡിവിഷൻ, കൊല്ലം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡബ്ല്യു എസ് സബ് ഡിവിഷൻ, ശാസ്താംകോട്ട (സേവനപുസ്തകം ഉള്ളടക്കം ചെയ്യുന്നു)
എം ഡി യുടെ പി എ / സി ഇ (എച്ച് ആർ ഡി & ജന.) ന്റെ സി എ / ഡിസി ഇ(ജന.) (വിജി.) / സീനി. എ ഒ / എ ഒ(അഡ്മിൻ & എസ്റ്റ.) / എസ് എസ് / എസ് എസ്(അഡ്മിൻ & എസ്റ്റ.) / ജെ എസ് / വെബ്സൈറ്റ് / ഫയൽ

Draft #1 of File 36678/E4/2022/KWA Approved by Managing Director on 16-Feb-2023 10:41 AM - Page 2

The document is digitally approved. Hence signature is not needed.